LIBRARY ARCHIVES Kerala Legislative Assembly

പുതുതായി ലഭ്യമായ തൊഴിലവസരങ്ങൾ

38 [469] ശ്രീ. പി. സി. ജോർജ്:
ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 ലക്ഷം പേർക്ക് പുതുതായി തൊഴിൽ നൽകുമെന്ന വാഗ്ദാനം നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ ഫലമായി പുതുതായി ലഭ്യമായ തൊഴിലവസരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിനകം ഏതെല്ലാം മേഖലകളിൽ എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിക്കുകയുണ്ടായി;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വകുപ്പുകളിൽ നിന്നും അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റിട്ടയർ ചെയ്തവരെത്ര; പി.എസ്.സി. വഴി പുതുതായി ജോലി ലഭിച്ചവരെത്ര; വകുപ്പുകൾ തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ;

(ഡി) തൊഴിൽദായകരായ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കു പുറമെ മറ്റെന്തെല്ലാം മേഖലയിലാണ് പുതുതായി തൊഴിൽ ലഭ്യമാക്കിയിട്ടുള്ളത്;

(ഇ) സർക്കാർ കണക്കനുസരിച്ച് പരമ്പരാഗത വ്യവസായത്തിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം മേഖല തിരിച്ച് വെളിപ്പെടുത്തുമോ;

(എഫ്) 5 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിന് മുൻവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 201 കോടി രൂപയിൽ എത്ര രൂപ ചെലവഴിക്കുകയുണ്ടായി;

(ജി) അതിന്റെ ഭാഗമായി മാത്രം പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായി പൊതുമേഖലയിലും സഹകാര്യമേഖലയിലും നിക്ഷേപങ്ങൾ ഗണ്യമായി ആകർഷിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തി അഞ്ച് വർഷത്തിനുള്ളിൽ 15 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമാക്കിയിരുന്നു. ഇപ്രകാരം നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും അത് പുരോഗമിച്ച് വരികയുമാണ്. ഐ.റ്റി., ടൂറിസം, ബയോടെക്നോളജി തുടങ്ങിയ മേഖലകളിലാണ് പുതിയ തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുള്ളത്.

(ബി) ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഐ. റ്റി., ടൂറിസം, ബയോടെക്നോളജി എന്നീ മേഖലകളിലാണ് പുതിയ തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുള്ളത്.

(ഇ) ഇതു സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

(എഫ്) സംസ്ഥാന തൊഴിലും പുനരധിവാസവും വകുപ്പിന്റെ മേൽനോട്ടത്തിൽ വ്യവസായ വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, കൃഷി വകുപ്പ്, എക്സൈസ് വകുപ്പ്, കുടുംബശ്രീ, ഖാദി ഗ്രാമ വ്യവസായ ബോർഡ്, ഗ്രാമവികസന വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളുടേയും അവയുടെ കീഴിൽ വരുന്ന ഏജൻസികളുടേയും പൂർണ്ണ സഹകരണത്തോടുകൂടി 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള ഒരു ബൃഹത്തായ തൊഴിൽദാന പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രി കൺവീനറായി മന്ത്രിസഭാ ഉപസമിതി നിലവിലുണ്ട്. ഈ സമിതി പല തവണ യോഗം ചേരുകയും പദ്ധതിയുടെ വിശദാംശങ്ങൾക്ക് രൂപം നൽകിവരികയുമാണ്.

(ജി) തൊഴിൽദാന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

39 [470] ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിത അസംഘടിത പരമ്പരാഗത വ്യവസായ മേഖലകൾ തകരുന്നതായും തൊഴിലവസരങ്ങൾ നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് തൊഴിലാളികളുടെ പട്ടിണിയും പട്ടിണിമരണങ്ങളും എവിടെ നിന്നെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly